പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6421 — 11.07.2012 -ൽ മറുപടിയ്ക്ക്

## വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനായി നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ആണുള്ളത് ; ഇവ ആധുനികവൽക്കരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; | (എ) | നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി വകുപ്പിൽ നികുതി നിർണ്ണയാധികാരി, ചെക്ക് പോസ്റ്റുകൾ, ഇന്റലിജൻസ് വിഭാഗം, ഇന്റേണൽ ഓഡിറ്റ്, ഡാറ്റാ മൈനിംഗ് എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. സമ്പൂർണ്ണ ഇ-ഫയലിംഗും ഇ-പേയ്മെന്റും ഇന്ത്യയിലാദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. നികുതി നിർണ്ണയാധികാരിയുടെ തലത്തിൽ വ്യാപാരി ഫയൽ ചെയ്ത റിട്ടേൺ ഡിക്ലറേഷൻ മറ്റു രേഖകൾ എന്നിവയുമായി ഒത്തുനോക്കി സ്ക്രൂട്ടിനി ചെയ്യുന്നു. മറ്റു വ്യാപാരികളുടെ പക്കൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വെരിഫിക്കേഷനും ഇൻപുട്ട് ടാക്സ് ക്രഡിറ്റിന്റെ വെരിഫിക്കേഷനും കമ്പ്യൂട്ടർ മുഖേനയാണ് നടത്തുന്നത്. ഇന്റലിജൻസ് വിഭാഗം നിരന്തരമായ വാഹനപരിശോധന, കടപരിശോധന എന്നിവ നടത്താറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങൾ ഓവർ ചെക്ക് ചെയ്യുക, ചെക്ക് പോസ്റ്റ് പ്രവർത്തനങ്ങൾ ടേക്കോവർ ചെയ്യുക എന്നീ കർത്തവ്യങ്ങളും നിശ്ചിത ഇടവേളകളിൽ ഇവർ ചെയ്യാറുണ്ട്. ബില്ലുപരിശോധനയിൽ സഹായിക്കുന്നതിനും വ്യാപാരിയുടെ വിവരങ്ങൾ ഡാറ്റാ ബെയ്സിൽ പരിശോധിക്കുന്നതിനുമായി ലാപ്ടോപ്പും വണ്ടിയിൽ വച്ച് പ്രവർത്തിപ്പിക്കാ |

| | | | |
|---|---|---|---|
| | | | വുന്ന പ്രിന്ററും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br>നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ ആധുനികവൽക്കരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് കഴിഞ്ഞവർഷം പ്രവർത്തനമാരംഭിച്ചു. വെയ്ബ്രിഡ്ജ് ഇല്ലാത്ത ചെക്ക്പോസ്റ്റുകളിൽ അവ സ്ഥാപിക്കുവാൻ നടപടികൾ എടുത്തുവരുന്നു. വ്യാപാരികൾക്ക് ചെക്ക്പോസ്റ്റിൽ എത്തുന്ന ചരക്കുകളെ സംബന്ധിച്ച് അവ എത്തുന്ന ഉടൻതന്നെ എസ്.എം.എസ്. നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ചെക്ക്പോസ്റ്റിൽ ഫയൽ ചെയ്യേണ്ട ഡിക്ലറേഷനുകൾ ഇ-ഫയലിംഗ് സംവിധാനത്തിലാക്കിയതുവഴി അവ ഉടൻ തന്നെ നികുതി നിർണ്ണയാധികാരികൾക്ക് റിട്ടേൺ സ്ക്രൂട്ടിനിക്ക് ലഭ്യമാക്കുന്നു. ഡാറ്റാമൈനിംഗ് വിഭാഗം റിട്ടേണുകൾ പ്രകാരം വ്യാപാരി നൽകിയ വിവരങ്ങൾ പരിശോധിച്ച് നികുതി വ്യവസ്ഥയിലും പിരിവിലും പൊതുവായി വരുന്ന വ്യതിയാനങ്ങൾ പരിശോധിക്കുന്നു.<br>കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന്റെ കാര്യത്തിൽ വാണിജ്യനികുതി വകുപ്പ് ഇതര സംസ്ഥാനങ്ങൾക്കും ബഹുദൂരം മുന്നിലാണ്. കമ്പ്യൂട്ടർവൽക്കരണം ഒരു തുടർപ്രക്രിയയാണ്. ഇതിനോടകം തന്നെ വകുപ്പിന്റെ പ്രധാനപ്രവർത്തനങ്ങളെല്ലാം തന്നെ കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വാണിജ്യ നികുതി വകുപ്പിൽ ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിൽ വരുത്താത്തതിനാൽ നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ? | (ബി) | വരുമാനത്തിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ